# Malayala Manorama

## 28 August 2018

## Kakkanad, Thrikkakara Municipal Council,Kadamakkudi Island, Cleaning

# തൃക്കാക്കരയുടെ ഓണം കടമക്കുടിയിൽ

കാക്കനാട് • നാലാം ഓണം നാളിൽ തൃക്കാക്കര നഗരസഭയുടെ നേതൃത്വത്തിൽ കടമക്കുടി ദ്വീപിലെ ഒട്ടേറെ പ്രദേശങ്ങൾ ശുചീകരിച്ചു. തൃക്കാക്കര നഗരസഭയുടെ ഔദ്യോഗിക ഓണാഘോഷം ഉപേക്ഷിച്ചാണു ഭരണ സമിതിയുടെ നേതൃത്വത്തിൽ അഞ്ഞൂറോളം പേർ കടമക്കുടിയിലെത്തിയത്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഇരുപത്തഞ്ചോളം വാഹനങ്ങളിലായി പൊതുനിരത്തിലെ മാലിന്യങ്ങൾ നീക്കി. നാലു സംഘങ്ങളായി തിരിഞ്ഞു വീടുകളും പരിസരങ്ങളും പൊതു സ്ഥാപനങ്ങളും നിരത്തുകളുമൊക്കെ ശുചീകരിച്ചു.

10 ബസുകളിലും സ്വന്തം വാഹനങ്ങളിലുമായാണു നഗരസഭാ കൗൺസിലർമാരും ഉദ്യോഗസ്ഥരും കുടുംബശ്രീ, അങ്കണവാടി, ആശാ പ്രവർത്തകരും നഗരസഭാ പരിധിയിലെ സന്നദ്ധ സംഘടന പ്രവർത്തകരും കടമക്കുടിയിലെത്തിയത്.

ടാങ്കറുകളിൽ കുടിവെള്ള വിതരണവും നടത്തി. കടമക്കുടി പഞ്ചായത്തിലെ 13 വാർഡുകളിലും സംഘം ശുചീകരണം നടത്തി.



തൃക്കാക്കര നഗരസഭയുടെ നേതൃത്വത്തിൽ കടമക്കുടി പഞ്ചായത്ത് പ്രദേശത്ത് നടത്തിയ ശുചീകരണം. വെള്ളപ്പൊക്കത്തിൽ നശിച്ച കിടക്കകളാണ് നീക്കം ചെയ്യുന്നത്.

നഗരസഭാധ്യക്ഷ എം.ടി. ഓമന, വൈസ് ചെയർമാൻ സാബു ഫ്രാൻസിസ്, സ്ഥിരം സമിതി അധ്യക്ഷൻമാരായ കെ.ടി. എൽദോ, ജിജോ ചിങ്ങംതറ, മേരി കുര്യൻ, ഷബ്ന മെഹറലി, സെക്രട്ടറി പി.എസ്. ഷിബു തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ശ്രമദാനം നടത്തിയത്.

പ്രളയമെത്തും മുൻപേ തൃക്കാക്കര നഗരസഭ വൻ ഓണാഘോഷ പരിപാടികൾക്കു രൂപം നൽകിയിരുന്നതാണ്. ഇതിനായി നീക്കിവച്ചിരുന്ന 25 ലക്ഷം രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു ചെലവഴിക്കാൻ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.